## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.40** **29.05.2019 ൽ മറുപടിയ്ക്ക്**

## സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. എം. ഷാജി**<br>**ശ്രീ. കെ.എൻ.എ. ഖാദർ**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി. വി. ഇബ്രാഹിം** | | **ശ്രീ. എം. എം. മണി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ഇ.ബി യുടെ സൗര പദ്ധതിയുടെ ഭാഗമായി ഗാർഹിക ടെറസുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | (എ) | കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ സൗര പദ്ധതിയുടെ ഭാഗമായി രജിസ്റ്റർ ചെയ്ത 2,78,258 ഉപഭോക്താക്കളുടെ പുരപ്പുറങ്ങളിൽ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനത്തിന്റെ ഭാഗമായ സൈറ്റ് സർവ്വേ (Site Survey) പുരോഗമിച്ചുവരുന്നു. 1,90,472 സ്ഥലങ്ങളുടെ സർവ്വേ ഇതിനകം പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ സോളാർ പാനലുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടിക്രമങ്ങളും അവസാന ഘട്ടത്തിലാണ്. |
| (ബി) | ഇതിനായി നോഡൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഉണ്ട്. കെ.എസ്.ഇ.ബി ലിമിറ്റഡിലെ ഒരു ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറെ സ്റ്റേറ്റ് നോഡൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ ഓഫീസ് കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ തിരുവനന്തപുരം വൈദ്യുതി ഭവനിൽ പ്രവർത്തിച്ചു വരുന്നു. |
| (സി) | രജിസ്ട്രേഷൻ അവസാനിച്ചതിനുശേഷം ആവശ്യമായ സാധ്യതാപഠനങ്ങൾ നടത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് നിലവിൽ വരുമെന്ന് അറിയിക്കാമോ? | (സി) | രജിസ്റ്റർ ചെയ്ത മുഴുവൻ ഉപഭോക്താക്കളുടേയും പുരപ്പുറം പരിശോധിച്ച് സാധ്യതാപഠനം നടത്തുന്നതിനായി സോളാർ കോ-ഓർഡിനേറ്റർമാരെ പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. സാദ്ധ്യതാ പഠനത്തിന്റെ ഭാഗമായ സൈറ്റ് സർവ്വേ നടന്നു വരുന്നു. ആവശ്യമായ സാധ്യതാ പഠനത്തിനുശേഷം യോഗ്യമായ പുരപ്പുറങ്ങൾ തെരഞ്ഞെടുക്കുകയും ഇതേ തുടർന്ന് ആദ്യഘട്ടമായി 200 മെഗാവാട്ട് പുരപ്പുറ സോളാർ പാനലുകൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. 2020 മാർച്ച് മാസത്തിനകം 200 മെഗാവാട്ട് പുരപ്പുറ സോളാർ പ്ലാന്റ് സ്ഥാപിക്കാൻ കെ.എസ്.ഇ.ബി ലിമിറ്റഡ് ലക്ഷ്യമിട്ടിരിക്കുകയാണ്. |

Jeyml

**സെക്ഷൻ ഓഫീസർ**